# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **324** — **15/12/2014**-ലെ മറുപടിക്ക്

### സർപ്രൈസ് വിസിറ്റിംഗ് സ്ക്വാഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>,, സി. എഫ്. തോമസ്<br>,, റ്റി.യു. കുരുവിള<br>,, തോമസ് ഉണ്ണിയാടൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സർക്കാർ സേവനം താമസം കൂടാതെയും അഴിമതി രഹിതമായും ജനങ്ങളിലെത്തുന്നതിന് ജില്ലാ-സംസ്ഥാന തലങ്ങളിൽ എല്ലാ വകുപ്പുകളിലും സർപ്രൈസ് വിസിറ്റിംഗ് സ്ക്വാഡിനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | എ) സർക്കാർ സേവനം കാര്യക്ഷമമായും അഴിമതിരഹിതമായും ജനങ്ങളിലെത്തിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും അഴിമതി തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സർപ്രൈസ് വിസിറ്റിംഗ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം നഗര പരിധി പ്രവർത്തന മേഖലയായാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത സംവിധാനം മറ്റു പ്രധാന നഗരങ്ങളിലേയ്ക്കും കൂടി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| ബി) ആത്മാർത്ഥമായും കാര്യക്ഷമമായും ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കൂടുതൽ ഇൻക്രിമെന്റും പാരിതോഷികങ്ങളും ഗുഡ് സർവ്വീസ് സർട്ടിഫിക്കറ്റും നൽകി ഗുണനിലവാരമുള്ള സിവിൽ സർവ്വീസ് രൂപപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ബി) ആത്മാർത്ഥമായും കാര്യക്ഷമമായും ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് മികവിന്റെ അടിസ്ഥാനത്തിൽ സദ്സേവന പത്രം, മെറിട്ടോറിയസ് സർവ്വീസ് എൻട്രി, ബാഡ്ജ് ഓഫ് ഹോണർ തുടങ്ങിയ ബഹുമതികൾ ഇതിനകം തന്നെ നൽകി വരുന്നുണ്ട്. ആത്മാർത്ഥത, കാര്യക്ഷമത തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചാണ് ഉദ്യോഗക്കയറ്റങ്ങൾ നൽകുന്നതും. സർക്കാർ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും പൊതുസേവനങ്ങൾ വേഗത്തിലും കൃത്യമായും നൽകുക, പൊതു സേവനത്തിനുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക മുതലായ ലക്ഷ്യങ്ങൾക്കായി 'മുഖ്യമന്ത്രിയുടെ പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾക്ക്' (Chief Minister's award for Innovations in Public Policy) പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. 2013 വർഷത്തെ അവാർഡുകൾ ഐ.എം.ജിയിൽ വച്ച് നടന്ന ചടങ്ങിൽ 2014 ഒക്ടോബർ 27-ന് വിതരണം ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

8